# വിനോദിൻെറ കുടുംബത്തിന് 'ഒരുമ' സഹായം കൈമാറി

**കുവൈത്ത് സിറ്റി:** മൂന്ന് മാസം മുമ്പ് കുവൈത്തിൽ നടന്ന വാഹനാപകടത്തിൽ മരണപ്പെട്ട പത്തനംതിട്ട ആറൻമുള കോട്ട സ്വദേശി ശ്രീനിലയത്തിൽ വിനോദിൻെറ കുടുംബത്തിന് 'ഒരുമ' സാമൂഹിക ക്ഷേമ പദ്ധതിയിൽ നിന്നുള്ള സഹായ ധനം കൈമാറി. സഹോദരൻ ശ്രീജിത്തിന് വെൽഫെയർ പാർട്ടി സംസ്ഥാന സെക്രട്ടറി റസാഖ് പലേരിയാണ് രണ്ട് ലക്ഷം രൂപയുടെ സഹായം കൈമാറിയത്. വിനോദിൻെറ വീട്ടിൽ നടന്ന ചടങ്ങിൽ വെൽഫെയർ പാർട്ടി സംസ്ഥാന സെക്രട്ടറി ശശി പന്തളം, റഷീദ് റാന്നി, സന്തോഷ് പുലിയൂർ, ബാബു, അനൂബ് മേമന തുടങ്ങിയവർ സംബന്ധിച്ചു.കേരള ഇസ്ലാമിക് ഗ്രൂപ്പിൻെറ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് പദ്ധതി പ്രവർത്തിക്കുന്നത്. പദ്ധതി അംഗങ്ങൾ മരണപ്പെട്ടാൽ അവർ നിർദേശിച്ച വ്യക്തിക്ക് രണ്ട് ലക്ഷം രൂപയും ഒരു വർഷത്തിലധികം തുടർച്ചയായി അംഗമായി തുടരുന്നവർക്ക് മൂന്ന് ലക്ഷം രൂപയും നൽകുന്നതാണ് പദ്ധതി. കൂടുതൽ വിവരങ്ങൾ 97939049 നമ്പറിലും www.orumakuwait.com എന്ന വെബ്സൈറ്റിലും ലഭിക്കും.